17
2026
ഫെബ്രുവരി
ചൊവ്വ
കുംഭം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 44 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-44 പേജ് 4. വില 2.00 രൂപ




02 ഐടി മേഖലയിൽ 5 ലക്ഷം തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് സർക്കാർ
03 ജനക്ഷേമവും വികസനവുമുൾപ്പെടുന്ന കേരള മോഡൽ തുടരും : ധനമന്ത്രി
04 വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവിനായി 'വിഷൻ 2031'

## പിഎസ്എൽവി പരാജയം

# അന്വേഷണത്തിന് കേന്ദ്രം സമിതിയെ നിയോഗിച്ചു

തിരുവനന്തപുരം: ഐഎസ്ആർഒയുടെ വിശ്വസ്ത ഉപഗ്രഹ വിക്ഷേപണ വാഹനമായ പിഎസ്എൽവി തുടർച്ചയായി രണ്ട് ദൗത്യങ്ങളിൽ പരാജയപ്പെട്ട പശ്ചാത്തലത്തിൽ, പരാജയകാരണങ്ങൾ പഠിക്കാൻ കേന്ദ്ര സർക്കാർ ഉന്നതതല സമിതിയെ നിയോഗിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസിൻറെ നേരിട്ടുള്ള ഇടപെടലിനെത്തുടർന്നാണ് ഈ തീരുമാനം. ഐഎസ്ആർഒയുടെ ചരിത്രത്തിലാദ്യമായാണ് ഒരു ദൗത്യത്തിൻറെ പരാജയം അന്വേഷിക്കാൻ ഐഎസ്ആർഒയ്ക്ക് പുറത്തുനിന്നുള്ള ഒരാളെ അധ്യക്ഷനായി നിയമിക്കുന്നത്. മുൻ കേന്ദ്ര ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫസർ കെ. വിജയരാഘവനാണ് സമിതിയുടെ അധ്യക്ഷൻ മുൻ ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥാണ് ഉപാധ്യ



ക്ഷൻ. 2025 മേയിൽ നടന്ന പിഎസ്എൽവിസി 61 ദൗത്യവും, 2026 ജനുവരിയിൽ നടന്ന പിഎസ്എൽവിസി 62 ദൗത്യവും പരാജയപ്പെട്ടിരുന്നു. ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്09 റിസാറ്റ്1ബി ഭ്രമണപഥത്തിൽ എത്തിക്കാൻ സി 61 ന് കഴിഞ്ഞിരുന്നില്ല. പ്രാഥമിക വിവരങ്ങൾ പ്രകാരം, റോക്കറ്റിൻറെ മൂന്നാം ഘട്ടത്തിൽ ഉണ്ടായ സാങ്കേതിക തകരാറാണ് പരാജയത്തിന് കാരണമായത്.

റോക്കറ്റ് കുതിച്ചുയരുന്നതിനിടെ മൂന്നാം ഘട്ടത്തിലെ കംബഷൻ ചേമ്പറിലെ മർദ്ദം പെട്ടെന്ന് കുറഞ്ഞത് മൂലം ഉപഗ്രഹത്തെ നിശ്ചിത വേഗതയിൽ എത്തിക്കാൻ കഴിഞ്ഞില്ല. സി 62 ദൗത്യത്തിലും സമാനമായ സാങ്കേതിക പ്രശ്നങ്ങളാണ് ഉണ്ടായതെന്നാണ് സൂചന. ഇതിൻറെ പശ്ചാത്തലത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കഴിഞ്ഞ ദിവസം തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെൻററിൽ നേരിട്ടെത്തി പരിശോധനകൾ നടത്തിയിരുന്നു. പരാജയത്തിന് പിന്നിൽ അട്ടിമറി സാധ്യതകൾ ഇല്ലെന്ന് അദ്ദേഹം വിലയിരുത്തിയെങ്കിലും, സാങ്കേതികമായ വീഴ്ചകളും ക്വാളിറ്റി കൺട്രോളിലെ പോരായ്മകളും ഗൗരവകരമാണെന്ന് കണ്ടെത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് പുതിയ വിദഗ്ധ സമിതിയെ സർക്കാർ പ്രഖ്യാപിച്ചത്.ഈ സമിതി റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ പിഎസ്എൽവിയുടെ തുടർന്നുള്ള വിക്ഷേപണങ്ങൾ താൽക്കാലികമായി നിർത്തിവെച്ചേക്കും.



കേരളക്കരയുടെയാകെ നോവും അഭിമാനവുമായി മാറിയ ആലിൻ ഷെറിൻ എബ്രഹാമെന്ന കുഞ്ഞിന്റെ പത്തനംതിട്ട മല്ലപ്പള്ളിയിലെ വീട്ടിലെത്തി മുഖ്യമന്ത്രി പിണറായി വിജയൻ കുടുംബാംഗങ്ങളെ നേരിൽ കാണുന്നു

## അയ്യപ്പ സംഗമത്തിലെ റിപ്പോർട്ട് അന്തിമമല്ല, ഉടൻ വ്യക്തത വരുത്തും': പിഴവ് സമ്മതിച്ച് ദേവസ്വം ബോർഡ്

പത്തനംതിട്ട: ആഗോള അയ്യപ്പ സംഗമത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ പിഴവ് സമ്മതിച്ച് ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ. ഓഡിറ്റ് റിപ്പോർട്ട് ദേവസ്വം ബോർഡ് പരിശോധിച്ചെന്നും റിപ്പോർട്ട് അന്തിമമല്ലെന്നും ജയകുമാർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഓഡിറ്റ് റിപ്പോർട്ടിൽ 27ന് മുമ്പ് വ്യക്തത വരുത്തുമെന്നും ഇതിനായി ടാക്സ് ഫോഴ്സ് രൂപീകരിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആഗോള അയ്യപ്പ സംഗമത്തിൻറെ ഓഡിറ്റ് റിപ്പോർട്ട് ഇന്ന് മാത്രമാണ് വിശദമായി പരിശോധിച്ചത്. സമയപരിധി പാലിക്കാനായി റിപ്പോർട്ട് അതേപടി നൽകുകയായിരുന്നു. റിപ്പോർട്ട് അന്തിമമല്ല. ചില സംശയങ്ങൾ സാധാരണ ചോദിക്കുകയും മറുപടി നൽകുകയും ചെയ്താൽ മാത്രമേ അന്തിമമാകൂ.

ഇത് ഓഡിറ്ററുടെ കുഴപ്പമല്ല. സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകാത്തത് കൊണ്ടാണ് വീഴ്ചയുണ്ടായത്. ഇക്കാര്യത്തിൽ 27ന് മുമ്പ് വ്യക്തത വരുത്തും. ഇതിനായി ടാക്സ് ഫോഴ്സ് രൂപീകരിച്ചു. വ്യക്തയുണ്ടാക്കിയ ശേഷം റിപ്പോർട്ട് ഹൈക്കോടതിക്ക് നൽകുമെന്നും ജയകുമാർ മാധ്യമങ്ങളോട് പറഞ്ഞു.

ഭക്ഷണം കഴിച്ച കാര്യത്തിലായാലും നന്ദഗോവിന്ദം ഭജൻസിൻറെ കാര്യത്തിലായാലും വീഴ്ച വന്നു. എല്ലാ ക്ലെയിമുകളും അംഗീകരിക്കാൻ കഴിയില്ല. 4.99 കോടിയായി ചെലവ് നിജപ്പെടുത്തും. അദാനിയുടെ 3.85 കോടി സ്പോൺസർഷിപ്പ് കിട്ടും. കൊടുക്കാൻ ഒരു കോടി 15 ലക്ഷം ഉണ്ട്.

ബോർഡ് പണം എടുക്കില്ല. പല സ്പോൺസർമാരും നേരത്തെ വാഗ്ദാനം ചെയ്തിട്ടുണ്ട്. അവരെ സമീപിക്കും. ഏഴു കോടിയാണ് ഊരാളുങ്കൽ ആവശ്യപ്പെടുന്നത്. ഊരാളുങ്കൽ ഉപകരാർ നൽകിയാൽ തെറ്റില്ല. അതിൻറെ ബില്ലുകൾ വരട്ടെയെന്നും വിലയിരുത്തട്ടെയെന്നും ജയകുമാർ പറഞ്ഞു.

## വയോജനങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'സായംപ്രഭാ സേന': മന്ത്രി ആർ. ബിന്ദു

സംസ്ഥാനത്തെ മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും എല്ലാ ജില്ലകളിലും 'സായംപ്രഭാ സേന' എന്ന പേരിൽ ദ്രുതകർമ്മസേന (ഞമുശറ ഞലുെീിലെ ഠലമാ) രൂപീകരിച്ചതായി ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു. സെക്രട്ടേറിയറ്റ് പി.ആർ ചേംബറിൽ നടന്ന വാർത്താ സമ്മേളത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വയോജനങ്ങളുടെ സുരക്ഷ, ക്ഷേമം, സമൂഹത്തിലേക്കുള്ള പുനഃസംയോജനം എന്നിവ ഉറപ്പാക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 'സായംപ്രഭാ സേന'യെ കർമ്മരംഗത്തിറക്കുന്നതിന് തുടക്കം കുറിച്ചുകൊണ്ട് വിവിധ ജില്ലകളിൽ ഈ കർമ്മസേനയ്ക്ക് നേതൃത്വം വഹിക്കാൻ പോകുന്നവർക്കുള്ള പരിശീലന പരിപാടിയും സായംപ്രഭ ഹോമുകളിലേയും വൃദ്ധസദനങ്ങളിലെയും വയോജനപ്രതിഭകൾ പങ്കെടുക്കുന്ന 'സായംപ്രഭാ ഫെസ്റ്റ് 2026' എന്ന പേരിൽ വയോജന സാംസ്കാരികോത്സവവും സംഘടിപ്പിക്കുന്നു. ഫെബ്രുവരി 18, 19 തീയതികളിലായാണ് സായംപ്രഭാ സേന പരിശീലന പരിപാടിയും സായംപ്രഭാ ഫെസ്റ്റും നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിൽ വയോജന ക്ഷേമ മേഖല കൂടുതൽ കരുതലോടെയും ഊർജ്ജസ്വലതയോടെയും മുന്നോട്ട് കൊണ്ടുപോകാൻ സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലാനുസൃതമായി പരിഷ്കരിച്ച സംസ്ഥാന വയോജന നയം മന്ത്രിസഭ അംഗീകരിച്ചതോടൊപ്പം, രാജ്യത്ത് ആദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വിദേശത്തേക്ക് പോകുന്ന യുവാക്കളുടെ വർധനവിനെ തുടർന്ന് ഒറ്റപ്പെട്ട വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഗണിച്ച്, അവർക്കു മാനസിക പിന്തുണ നൽകുന്ന 'സല്ലാപം' പദ്ധതി ആരംഭിച്ചു. കൂടാതെ, ആരും സംരക്ഷിക്കാനില്ലാത്ത കിടപ്പുരോഗികളായ വയോജനങ്ങളെ പരിപാലിക്കുന്ന എൻജിഒകൾക്ക് സഹായം നൽകുന്ന 'വയോസാന്ത്വനം' പദ്ധതി രണ്ട് ജില്ലകളിൽ നടപ്പിലാക്കി.

## ആറ്റുകാൽ പൊങ്കാല മാർച്ച് മൂന്നിന്; ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ

തിരുവനന്തപുരം: ലക്ഷകണക്കിന് സ്ത്രീകളും ഭക്തജനങ്ങളും പങ്കെടുക്കുന്ന ആറ്റുകാൽ പൊങ്കാല മാർച്ച് മൂന്നിന് നടക്കും.

ഈ മാസം 23ന് കാപ്പ് കെട്ട് ഉത്സവം തുടങ്ങും. അന്നു രാത്രി എട്ടിന് ആറ്റുകാൽ അമ്മ പുരസ്കാരം നടൻ മോഹൻലാലിന് നൽകും. 25ന് ഒമ്പതു ദിവസത്തെ കുത്തിയോട്ട വ്രതം ആരംഭിക്കും. പൊങ്കാല ദിവസം ചന്ദ്രഗ്രഹണമായതിനാൽ ഉച്ചയ്ക്ക് 3.30 ന് നട അടയ്ക്കും.

രാവിലെ 9.45 ന് അടുപ്പിൽ തീ പകരും. 2.15നാണ് പൊങ്കാല നിവേദ്യം. താലപ്പൊലികൾ 1.30 ഓടെ മാത്രമേ അനുവദിക്കൂ. ക്ഷേത്ര നട വൈകുന്നേരം ഏഴിനു മാത്രമേ അന്നു തുറക്കൂ.

ചന്ദ്രഗ്രഹണ സമയത്ത് ക്ഷേത്ര ദർശനം അനുവദനീയമല്ലാത്തതിനാൽ തിരക്ക് നിയന്ത്രിക്കാൻ കർശന നിയന്ത്രണം ഉണ്ടാകുമെന്ന് ക്ഷേത്ര ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

## ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പ്: തമിഴ്നാട് സ്വദേശി അറസ്റ്റിൽ

കൽപ്പറ്റ: ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പ് കേസിൽ തമിഴ്നാട് സ്വദേശി അറസ്റ്റിൽ. പൊള്ളാച്ചി മക്കിനംപെട്ടി എസ്വി ഗാർഡൻ വിഗ്നേഷിനെ (29) യാണ് വയനാട് ജില്ലാ സൈബർ പോലീസ് കഴിഞ്ഞ ദിവസം പൊള്ളാച്ചിയിൽനിന്നു പിടികൂടിയത്. ഓൺലൈൻ ട്രേഡിംഗിലൂടെ പണം സമ്പാദിക്കാമെന്ന് വാട്സ്ആപ്പ് വഴി ബന്ധപ്പെട്ട് വിശ്വസിപ്പിച്ച് 2024 ഡിസംബറിനും 2025 മാർച്ചിനും ഇടയിൽ 31,48,000 രൂപ തട്ടിയെടുത്തെന്ന കേസിലാണ് അറസ്റ്റ്. കുപ്പാടി മൂന്നാംമൈൽ സ്വദേശിയുടെ പരാതിയിലാണ് ഇയാൾക്കെതിരേ കേസെടുത്തത്. വ്യാജ ഓൺലൈൻ ട്രേഡിംഗ് പ്ലാറ്റ്ഫോം നിർമിച്ചായിരുന്നു തട്ടിപ്പ്. ട്രേഡിംഗിനെന്ന വ്യാജേന നൽകിയ ബാങ്ക് അക്കൗണ്ടുകളിൽ പല തവണ പണം നിക്ഷേപിപ്പിച്ച് ലാഭമോ മുതലോ നൽകാതെ കബളിപ്പിക്കുകയായിരുന്നു. പ്രതി ഉപയോഗിച്ച അക്കൗണ്ടിനെതിരേ 14 സംസ്ഥാനങ്ങളിലായി 29ഓളം എൻസിആർപി (നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ) റിപ്പോർട്ടുകൾ ഉണ്ടെന്നും ഒരുമാസത്തിനകം ഈ അക്കൗണ്ടിൽ 3.25 കോടിയോളം രൂപ വന്നതായും പോലീസ് കണ്ടെത്തി. ദിവസങ്ങൾ നീണ്ട അന്വേഷണത്തിനും നിരീക്ഷണത്തിനും ഒടുവിലാണ് പ്രതിയെ വലയിലാക്കിയത്.






# 2031ൽ കേരളം ആഗോള തൊഴിൽ–നൈപുണ്യ ഹബ്ബാക്കും: മന്ത്രി വി. ശിവൻകുട്ടി

രണ്ടാം പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ കേരളം വിജ്ഞാന സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണെന്നും 2031-ഓടെ തൊഴിലന്വേഷകരുടെ സംസ്ഥാനമെന്ന നിലയിൽ നിന്ന് തൊഴിൽ ദാതാക്കളുടെയും നൈപുണ്യമുള്ള പ്രൊഫഷണലുകളുടെയും ആഗോള ഹബ്ബായി കേരളം മാറുമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച വിഷൻ 2031 സെമിനാറിന്റെ ഭാഗമായി മാസ്കറ്റ് ഹോട്ടലിൽ നടന്ന "തൊഴിലാളികളുടെ അവകാശങ്ങൾ" സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'വിഷൻ 2031' ലക്ഷ്യത്തിലേക്കുള്ള ദൃഢമായ ചുവടുവെപ്പുകളാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി തൊഴിൽ വകുപ്പ് നടപ്പിലാക്കുന്നത്.. തൊഴിലാളിയുടെ അന്തസ്സും സുരക്ഷയും പദ്ധതിയുടെ കാതലാണ്. രാജ്യത്ത് ആദ്യമായി മികച്ച തൊഴിൽ ഇടങ്ങൾക്ക് 'മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ്' ഏർപ്പെടുത്തിയതിലൂടെ ആധുനിക തൊഴിൽ സംസ്കാരം വളർത്തുകയാണ്. 'സഹജ' കോൾ സെന്ററും സ്റ്റുഡിയോ അപ്പാർട്ട്മെന്റുകളും വഴി സ്ത്രീകൾക്ക് സുരക്ഷിത തൊഴിൽ അന്തരീക്ഷം ഒരുക്കിയതായും 2031-ഓടെ സ്ത്രീ തൊഴിൽ പങ്കാളിത്തം ഇരട്ടിയാക്കാൻ ലക്ഷ്യമിടുന്നതായും മന്ത്രി പറഞ്ഞു.

അതിഥി തൊഴിലാളികളെ പരിഗണിച്ച് 'ആവാസ്' ഇൻഷുറൻസ്, 'കവച്' ലഹരിവിരുദ്ധ പദ്ധതി എന്നിവ നടപ്പിലാക്കിയതും 'അതിഥി പോർട്ടൽ' വഴി അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിലും കേരളം മാതൃകയാണ് ഡിജിറ്റൽ കേരളത്തിന്റെ ഭാഗമായി 16 ക്ഷേമനിധി ബോർഡുകളെ ഒരൊറ്റ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ആനുകൂല്യങ്ങൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നു. 'റിമോട്ട് സെൻസിംഗ് എമർജൻസി റെസ്പോൺസ് സിസ്റ്റം', 'ഇ-സഞ്ജീവനി' ഓൺലൈൻ കൺസൾട്ടേഷൻ തുടങ്ങിയ പദ്ധതികൾ വഴി വ്യവസായ മേഖലയെ ഹൈടെക് ആക്കി.

ഭാവിയിലെ തൊഴിലുകൾക്കായി യുവാക്കളെ സജ്ജമാക്കുക ഏറ്റവും വലിയ വെല്ലുവിളിയാണ്. കിഫ്ബി വഴി 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി. 'ഡിജിറ്റൽ കൺസ്ട്രക്ഷൻ' പോലുള്ള പുതിയ കോഴ്സുകൾ ആരംഭിച്ചു 'ശരണ്യ', 'നവജീവൻ', 'കൈവല്യ' പദ്ധതികളിലൂടെ പതിനായിരക്കണക്കിന് ആളുകളെ സംരംഭകരാക്കി മാറ്റി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്മാർട്ട് കാർഡ് നൽകുന്ന മോഡൽ സെന്ററുകളാക്കി വികസിപ്പിച്ചു.

2031-ഓടെ ലോകത്തിന്റെ ഏത് ഭാഗത്തും തൊഴിലെടുക്കാൻ പ്രാപ്തിയുള്ള നൈപുണ്യമുള്ള യുവാക്കളെ കേരളം വാർത്തെടുക്കും. തൊഴിലിട അപകടങ്ങൾ പൂജ്യത്തിലേക്ക് എത്തിക്കുന്ന 'വിഷൻ സീറോ' ലക്ഷ്യം കൈവരിക്കും. തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും തത്സമയം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സംവിധാനം നടപ്പിലാക്കിയതായും പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമുകൾ വഴി സാമ്പത്തിക ഭദ്രത ഉറപ്പാക്കിയതായും അദ്ദേഹം പറഞ്ഞു.

ഗ്രാമീണ വേതനത്തിൽ കേരളം രാജ്യത്ത് ഒന്നാമതാണ്. 85 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ലേബർ കോൺക്ലേവിൽ ഉയർന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി 2031-ലെ കേരളത്തെ തൊഴിലാളി സൗഹൃദ വികസിത സംസ്ഥാനമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡ് ജോയിന്റ് ഡയറക്ടർ ഡോ. അനിൽ കുമാർ ബി.എം സ്വാഗതം ആശംസിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ. രവി രാമൻ മോഡറേറ്ററായിരുന്നു. ഐ.എൽ.ഒ കണ്ടീഷൻസ് ഓഫ് വർക്ക് ആൻഡ് ഇക്വാലിറ്റി വകുപ്പ് ഡയറക്ടർ ഡോ. സുക്തി ദാസ്ഗുപ്ത, മദ്രാസ് ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ചന്ദ്രു, സി.ഐ.ടി.യു ദേശീയ സെക്രട്ടറി കെ.എൻ. ഉമേഷ്, എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി അഡ്വ. ജോർജ് തോമസ്, ഐ.എൽ.ഒ ഡൽഹി ഹെഡ് മിചിക്കോ മിയാമോട്ടോ, എം.ഡി.ഐ ഗുർഗാവ് ഡോ. കെ.ആർ. ശ്യാം സുന്ദർ, സി.ഡി.എസ് പ്രൊഫ. വിനോജ് എബ്രഹാം, ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ എന്നിവർ സംസാരിച്ചു.

തൊഴിൽ നിയമങ്ങളിലെ മാറ്റങ്ങൾ, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങൾ, ആഗോള തൊഴിൽ പ്രവണതകൾ തുടങ്ങിയ വിഷയങ്ങളിലായി സമഗ്ര ചർച്ചകൾ നടന്നു. തൊഴിലാളി സംഘടനാ പ്രതിനിധികളും നയനിർമാണ വിദഗ്ധരും പങ്കെടുത്ത പരിപാടി അറിവ് പങ്കിടലിന്റെ വേദിയായി. തൊഴിൽ-നൈപുണ്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ് പരിപാടിയുടെ സംഗ്രഹം അവതരിപ്പിച്ചു.




സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച വിഷൻ 2031 സെമിനാറിൽ തൊഴിലാളികളുടെ അവകാശങ്ങൾ എന്ന സെഷനിൽ മന്ത്രി വി ശിവൻകുട്ടി സംസാരിക്കുന്നു

## ഭിന്നശേഷി കുഞ്ഞുങ്ങൾക്ക് സൗജന്യ ആയുർവേദ ക്യാമ്പ്

ഭിന്നശേഷി കുഞ്ഞുങ്ങൾക്കായി 18ന് രാവിലെ 11 മുതൽ 2 വരെ പൂജപ്പുര സ്തീകളുടെയും കുട്ടികളുടെയും ആയുർവേദ ആശുപത്രിയിൽ മെഡിക്കൽ ക്യാമ്പ് നടത്തും. ഈ മെഡിക്കൽ ക്യാമ്പ് നടത്തും. ഈ മെഡിക്കൽ സ്ക്രീനിങ് ക്യാമ്പിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളെ സ്നേഹധാര പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.12 വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് ആയുർവേദ ചികിത്സ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, ബിഹേവിയർ തെറാപ്പി തുടങ്ങിയവ സൗജന്യമായി നൽകുന്ന പദ്ധതിയാണ് സ്നേഹധാര. ക്യാമ്പിൽ 12 വയസിനു താഴെയുള്ള ഭിന്നശേഷി കുഞ്ഞുങ്ങളെ മെഡിക്കൽ റിപ്പോർട്ടുകൾ സഹിതം കൊണ്ടുവരണം.

## ഈ മാസത്തെ ക്ഷേമ പെൻഷൻ 1,050 കോടി രൂപ അനുവദിച്ചു

ഫെബ്രുവരിയിലെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം തുടങ്ങും. ഇതിനായി 1,050 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 2,000 രൂപവീതം പെൻഷൻ ലഭിക്കുക.26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി നേരിട്ട് തുക കൈമാറും. ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷേമ പെൻഷൻ അതാത് ബോർഡുകൾ വഴി വിതരണം ചെയ്യും.8.46 ലക്ഷം പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. ഇത് കൃത്യമായി ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര വിഹിത ഇനത്തിലുള്ള 24.21 കോടി രൂപയും സംസ്ഥാനം മുൻകൂർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ് സംവിധാനം വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യും. എന്നാൽ, ഇതും പലപ്പോഴും വൈകുന്ന സാഹചര്യം ഒഴിവാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ ഇതുവരെ 49,433.83 കോടി രൂപയാണ് ക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്.

2011-16 -ൽ ചുമതലയിലുണ്ടായിരുന്ന യു.ഡി.എഫ് സർക്കാർ 9,011 കോടി രൂപയാണ് നൽകിയത്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 600 രൂപയായിരുന്നു ക്ഷേമ പെൻഷൻ. ഒന്നും രണ്ടും പിണറായി സർക്കാരുകൾ ഘട്ടംഘട്ടമായി 2,000 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ പ്രതിമാസം 1,050 കോടിയോളം രൂപയാണ് പെൻഷനായി നൽകുന്നത്. ഇത് ഒരു കുടിശികയുമില്ലാതെ അതാത് മാസം തന്നെ വിതരണം ചെയ്യുന്നു. നിലവിൽ ഒരു വർഷം ക്ഷേമ പെൻഷൻ വിതരണത്തിന് വേണ്ടിവരുന്നത് 14,500 കോടി രൂപയാണ്. അടുത്തവർഷത്തേയ്ക്കും ഇതിനുള്ള വകയിരുത്തൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 18ന്

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എറണാകുളം സിറ്റിംഗ് 18ന് രാവിലെ 11 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. കമ്മീഷൻ അംഗം പി. റോസ ഹർജികൾ പരിഗണി ക്കും. പരാതികൾ പരിഗണിക്കുന്നതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കും. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളായ മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽപ്പെട്ടവരുടെ പരാതികൾക്ക് പരിഹാരം കാണാൻ ന്യൂനപക്ഷ വിഭാഗക്കാർക്ക് നേരിട്ടോ, തപാലിലോ, kscminorities@gmail.com വഴിയോ 9746515133 ൽ വാട്ട്സ് ആപ്പ് സന്ദേശമായോ പരാതി സമർപ്പിക്കാം.

## താത്പര്യപത്രം ക്ഷണിച്ചു

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ കണ്ണൂർ, ആലപ്പുഴ ജില്ലാ ഓഫീസുകൾ നവീകരിക്കുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കേരള സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 21 വൈകിട്ട് 5 മണി. കൂടുതൽവിവരങ്ങൾക്ക്: https://www.hpwc.kerala.gov.in, 0471-2347768.

# ഐ ടി മേഖലയിൽ 5 ലക്ഷം ഉന്നത തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് സർക്കാരിന്റെ കർമ്മപദ്ധതി

സംസ്ഥാനത്തെ ഐടി, സാങ്കേതിക മേഖലയിൽ 5 ലക്ഷം ഉന്നത തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് വിപുലമായ കർമ്മപദ്ധതി തയാറാക്കുമെന്ന് സംസ്ഥാന ഇലക്ട്രോണിക്സ് & ഐ ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാമ്പശിവ റാവു. സമഗ്ര വളർച്ചയിലൂടെ 2031 -ൽ കേരളത്തെ ആഗോള ടെക്നോളജി ഹബ്ബ് ആയി ഉയർത്തും. വിഷൻ 2031 അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി 'ഇൻഫർമേഷൻ ടെക്നോളജി കൃത്രിമ ബുദ്ധിയുടെ യുഗത്തിലെ ഡിജിറ്റൽ വിപ്ലവം' എന്ന വിഷയത്തിൽ തിരുവനന്തപുരം ഹയാത്ത് റീജൻസി ഹോട്ടലിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ ഐ ടി, ടെക് മേഖലയിൽ 1.54 ലക്ഷം തൊഴിലവസരങ്ങളാണ് ഉള്ളത്. ഇത് അഞ്ച് ലക്ഷമായി വർധിപ്പിക്കും. സംസ്ഥാനത്തെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ എണ്ണം നിലവിലെ 40ൽ നിന്ന് 120 മുതൽ 200 വരെ ഉയർത്തും. ഈ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനായി 30 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള നെക്സ്റ്റ് ജനറേഷൻ ടെക് തൊഴിലിടങ്ങൾ സൃഷ്ടിക്കും. സ്വകാര്യ ഐ.ടി. പാർക്കുകളുടെ വികസനം വേഗത്തിലാക്കുന്നതിനും സർക്കാർ മുൻഗണന നൽകും.

എഐ, സെമികണ്ടക്ടർ നിർമ്മാണം, ഡീപ് ടെക് തുടങ്ങിയ വളർന്ന് വരുന്ന സാങ്കേതിക മേഖലകളിൽ നേതൃസ്ഥാനമുറപ്പിക്കാനും കേരളത്തെ സെമികണ്ടക്ടർ ഡിസൈൻ, അഡ്വാൻസ്ഡ് ഇലക്ട്രോണിക്സ് മേഖലകളിലെ കേന്ദ്രമാക്കി മാറ്റാനും പദ്ധതിയുണ്ട്. രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 7,800ൽ നിന്ന് 20,000ലേക്ക് ഉയർത്തും. ഇതിൽ 100 ഡീപ് ടെക് സ്റ്റാർട്ടപ്പുകളും 10 പുതിയ യൂണികോൺ സംരംഭങ്ങളും ആരംഭിക്കും. സ്റ്റാർട്ടപ്പുകളുടെ വിപുലീകരണത്തിന് ആവശ്യമായ ധനസഹായ സംവിധാനവും ശക്തിപ്പെടുത്തും.

പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എഐ മിഷൻ, എമർജിംഗ് ടെക്നോളജി മിഷൻ, സെമികണ്ടക്ടർ മിഷൻ എന്നീ പുതിയ മിഷനുകൾ ആരംഭിക്കും. നിക്ഷേപ ആകർഷണത്തിനും വിപണനത്തിനുമായി ഫ്യൂച്ചർ കോർപ്പറേഷൻ എന്ന പുതിയ സ്ഥാപനത്തിന്റെ സാധ്യതയും പരിശോധിക്കും.

സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂമിയുടെ ലഭ്യത ഉറപ്പാക്കി പ്ലഗ് ആൻഡ് പ്ലേ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കും. നിയന്ത്രണ നടപടികൾ ലഘൂകരിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും. വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായി സർവകലാശാലാ പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും വിദ്യാർത്ഥികൾക്കായി പരമ്പരാഗത മേഖലകളും നവീന സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് ഗവേഷണവും നവീകരണവും ശക്തിപ്പെടുത്തുന്നതിനായി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കും.

സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നിയമ നടപടികൾ ലളിതമാക്കുകയും ടെക് അടിസ്ഥാന സൗകര്യ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കുകയും ചെയ്യും. ആഗോള സാങ്കേതിക രംഗത്ത് കൃത്രിമ ബുദ്ധി സോഫ്റ്റ്വെയർ വികസനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വലിയ മാറ്റങ്ങളുണ്ടാവുന്ന സാഹചര്യത്തിൽ ബൗദ്ധിക സ്വത്തവകാശ സൃഷ്ടിയും ഗവേഷണത്തിന്റെ വ്യാപാരവൽക്കരണവും ശക്തിപ്പെടുത്തും.ഭരണനിർവഹണ രംഗത്ത് സമഗ്ര ഡിജിറ്റൽ പരിവർത്തനം നടപ്പാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകും. പഴയ സംവിധാനങ്ങൾക്ക് പകരം ഏകീകൃത ഡിജിറ്റൽ ഗവൺമെന്റ് ആർക്കിടെക്ചർ രൂപപ്പെടുത്തും. ഇതിന്റെ ഭാഗമായി 'നമ്മുടെ കേരളം' മൊബൈൽ ആപ്ലിക്കേഷൻ സൊല്യൂഷൻ ഉടൻ പ്രവർത്തന സജ്ജമാകുമെന്നും സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

ഐ ടി, എ ഐ, ടെക് മേഖലകളിലെ വിവിധ സാധ്യതകളും അതോടൊപ്പം ഉയർന്നു വരുന്ന ഡാറ്റ പ്രൈവസി വെല്ലുവിളികൾ, തൊഴിൽ മേഖലയിലെ സാങ്കേതിക പുരോഗതി തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ നടന്നു.

സംസ്ഥാന പ്ലാനിങ് ബോർഡ് ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാക്ചർ വിഭാഗം മേധാവി അരുൺ ജെ പ്രതാപ് സ്വാഗതം ആശംസിച്ചു. പ്ലാനിങ് ബോർഡ് മെമ്പർ വി നമശിവായം, കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റി ചെയർമാൻ പ്രൊഫ. വിജയ് ചന്ദ്രു, വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ അനൂപ് അംബിക, ബെൽഫാസ്റ്റ് എ ഐ ക്വീൻസ് യൂണിവേഴ്സിറ്റി അസോഷ്യേറ്റ് പ്രൊഫസർ ഡോ ദീപക് പദ്മനാഭൻ, തിരുപ്പതി ഐ ഐ ടി അസോഷ്യേറ്റ് പ്രൊഫസർ ഡോ. റോഷൻ കെ ശ്രീവാസ്തവ, ബാസ്ക് കൺട്രി യൂണിവേഴ്സിറ്റി ഭാഷാ സാങ്കേതിക കേന്ദ്രം ഡയറക്ടർ പ്രൊഫ. എനൈക്കൊ അഗിരെ, ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് സി ഇ ഒ മേബൽ ചാക്കോ, ജെൻ റോബോട്ടിക്സ് സി ഇ ഒ എം. കെ വിമൽ ഗോവിന്ദ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# സംസ്കാരത്തെ നാടിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന സജീവ മൂലധനമായി മാറ്റണം: മന്ത്രി സജി ചെറിയാൻ

കലയെയും സംസ്കാരത്തെയും വെറുമൊരു ആഘോഷമായി കാണുന്ന രീതി മാറി, നാടിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന സജീവ മൂലധനമായി (ഈഹൗേല മ ഇമുശമേഹ) മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച 'വിഷൻ 2031' അന്താരാഷ്ട്ര കോൺഫറൻസിൽ 'സാംസ്കാരിക വികസനം, പൈതൃകം, ടൂറിസം' (ഈഹൗേ്യമഹ റല്ലഹീുാലിേ, വല്യൂശ മേഴല മിറ ൗീൗൃശാ) എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളം അതിന്റെ വികസന ചരിത്രത്തിലെ സുപ്രധാനമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. മിഷൻ 2031 എന്നത് വരാനിരിക്കുന്ന ദശകത്തിൽ നമ്മുടെ ജനാധിപത്യത്തെയും വികസനത്തെയും സംരക്ഷിക്കാനുള്ള കൃത്യമായ കർമ്മരേഖയാണെന്നും മന്ത്രി പറഞ്ഞു.

കലയെയും സാഹിത്യത്തെയും ഉപയോഗപ്പെടുത്തി പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയായി സാംസ്കാരിക മേഖലയെ മാറ്റിയെടുക്കും. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ പൈതൃക പദ്ധതികളെ നവീകരിച്ച് പുതുതലമുറയ്ക്ക് കൈമാറണം. മുസിരിസ്, ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റുകൾ ഇതിന് ഉദാഹരണമാണ്. വിനോദസഞ്ചാരത്തെ വെറും കാഴ്ചകളിൽ നിന്ന് മാറ്റി സഞ്ചാരികൾക്ക് നാടിന്റെ തനിമ അനുഭവിക്കാൻ കഴിയുന്ന 'എക്സ്പീരിയൻഷ്യൽ ടൂറിസം' രീതിയിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങളാണ് ചർച്ച ചെയ്യേണ്ടത്. കേരള ടൂറിസത്തിന്റെ ആഗോള ഡിജിറ്റൽ സാന്നിധ്യം പോലെ മറ്റു മേഖലകളിലും ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തണം. പ്രാദേശിക കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ആഗോള വിപണി ഉറപ്പാക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം സജ്ജമാക്കുന്നതിലൂടെ ശക്തമായ ഒരു ക്രിയേറ്റീവ് ഇക്കോണമി കെട്ടിപ്പടുക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

സാംസ്കാരിക പ്രവർത്തനങ്ങളെ വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ ഭാഗമാക്കുക എന്നതാണ് മറ്റൊരു പ്രധാന ലക്ഷ്യം. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സാംസ്കാരിക ബോധവൽക്കരണം എത്തിക്കാൻ സർക്കാർ പദ്ധതിയിടുന്നുണ്ട്. യുനെസ്കോയുടെ 'സിറ്റി ഓഫ് ലിറ്ററേച്ചർ' പദവി ലഭിച്ച കോഴിക്കോട് നഗരത്തെപ്പോലെ കേരളത്തിലെ മറ്റു നഗരങ്ങൾക്കും ഭാവിയിൽ ക്രിയേറ്റീവ് സിറ്റീസ് നെറ്റ്വർക്കിന്റെ ഭാഗമാകാൻ സാധിക്കും. വരുംകാല വെല്ലുവിളികൾ നേരിടാൻ ശാസ്ത്രീയമായ ഒരു സാംസ്കാരിക നയം രൂപീകരിക്കും. കേരളത്തിന്റെ അഭിമാനമായ കലാമണ്ഡലത്തെ ലോകോത്തര നിലവാരമുള്ള വികേന്ദ്രീകൃത യൂണിവേഴ്സിറ്റിയായി മാറ്റാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. എല്ലാ പഞ്ചായത്തുകളിലും കലാപരിപാടികൾക്കായി സ്ഥിരം സാംസ്കാരിക ഇടങ്ങൾ ഉണ്ടാകണമെന്നും സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും 'നാട്ടരങ്ങ്' പോലുള്ള പദ്ധതികൾ വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിലേക്ക് സാംസ്കാരിക പ്രവർത്തനങ്ങൾ എത്തിക്കും. സംസ്ഥാനത്തെ ലൈബ്രറികളെ സാംസ്കാരിക വകുപ്പുമായി ബന്ധിപ്പിക്കുന്നത് ഭാവി പ്രവർത്തനങ്ങൾക്ക് കരുത്താകും. യുവജനങ്ങൾക്കായി കൾച്ചർ ഗ്രൂപ്പുകളും വീട്ടമ്മമാർക്കും മുതിർന്ന പൗരന്മാർക്കുമായി പ്രത്യേക സാംസ്കാരിക ക്ലബ്ബുകളും യാഥാർത്ഥ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡ് ജോയിന്റ് ഡയറക്ടർ ധന്യ എസ് നായർ ചടങ്ങിൽ സ്വാഗതം പറഞ്ഞു. പ്ലാനിംഗ് ബോർഡ് മെമ്പർ സന്തോഷ് ജോർജ് കുളങ്ങര മോഡറേറ്ററായ സെഷനിൽ സുഹാസിനി മണിരത്നം, പായൽ കപാഡിയ, ബീന പോൾ, മുരളി ചീരോത്ത്, ഡോ. വി. സെൽവകുമാർ, അനീറ്റ മെൻഡരാറ്റ, സോയിറ്റി ബാനർജി, മനീഷ പാണ്ഡെ, പ്രൊഫ. കെ.ടി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് സെക്രട്ടറി ബിജു കെ., ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ്. അയ്യർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.




'വിഷൻ 2031' കോൺഫറൻസിന്റെ ഭാഗമായി നടന്ന 'സാംസ്കാരിക വികസനം, പൈതൃകം, വിനോദസഞ്ചാരം' എന്ന സെഷനിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ സംസാരിക്കുന്നു

# പി.ജി. മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം – 2025 മൂന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെയും, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ (ആർസിസി) ലെയും ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഫെബ്രുവരി 16 മുതൽ 19 വൈകിട്ട് 4 നു മുമ്പായി അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതിക്കകം ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്. അലോട്ട്മെന്റിലൂടെ ലഭിക്കുന്ന അഡ്മിഷൻ അന്തിമമായിരിക്കും. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷ കമ്മീഷണറുടെ www.cee.kerala.gov.in ലെ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവ കാണുക. ഫോൺ: 0471-2525300.

# ജനക്ഷേമവും വികസനവുമുൾപ്പെടുന്ന കേരള മോഡൽ ഭാവിയിലും തുടരും : ധനമന്ത്രി കെ.എൻ ബാലഗോപാൽ

ജനങ്ങളുടെ ക്ഷേമത്തിനും സുസ്ഥിര വികസനത്തിനുമാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നതെന്നും ആ സ്ഥിതി 2031ലെ ധനകാര്യ മാനേജ്മെന്റിലും തുടരുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ. കേരളം മുന്നോട്ട് വയ്ക്കുന്ന ഈ സാമ്പത്തിക മാതൃക ലോകത്തിനാകെ ഉദാഹരണമാണ്. വിഷൻ 2031 അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി 'ജനങ്ങളുടെ വികസനത്തിനുള്ള ധനസമാഹരണം' എന്ന വിഷയത്തിൽ ലെമൺ ട്രീ ഹോട്ടലിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി.



വിഷൻ 2031 കോൺഫറൻസിന്റെ ഭാഗമായി നടന്ന സെമിനാറിൽ മന്ത്രി കെ എൻ ബാലഗോപാൽ സംസാരിക്കുന്നു

മനുഷ്യ വിഭവശേഷിയിലും സാമൂഹിക ജീവിതത്തിലും കേരളം നടത്തിയ നിക്ഷേപങ്ങൾ വലുതാണ്. അമർത്യ സെൻ ഉൾപ്പെടെയുള്ള സാമ്പത്തിക വിദഗ്ധർ കേരളത്തിന്റെ വികസന മാതൃകയെ പ്രശംസിച്ചിട്ടുണ്ട്. ഐക്യകേരളം രൂപീകൃതമാകുമ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ 20 ശതമാനം താഴെയായിരുന്നു. എന്നാൽ ഇന്ന് അത് ദേശീയ ശരാശരിയേക്കാൾ 1.7 മടങ്ങ് കൂടുതലാണെന്ന് മന്ത്രി പറഞ്ഞു.

ഭൂപരിഷ്കരണത്തിലൂടെ വലിയ മാറ്റമാണ് കേരളത്തിൽ ഉണ്ടായത്. 1957-ൽ അഞ്ച് ശതമാനം ആളുകൾക്ക് മാത്രമാണ് സ്വന്തമായി ഭൂമി ഉണ്ടായിരുന്നത്. എന്നാലിപ്പോൾ 97 ശതമാനം ആളുകൾക്കും ഭൂമിയുടെ അവകാശം ലഭിച്ചു. വിദ്യാഭ്യാസ, വ്യവസായ, ആരോഗ്യ മേഖലകളിലെ മുന്നേറ്റം കേരളത്തിന്റെ വികസനത്തിന് അടിത്തറയായി.

2031-ൽ വരുമാന വർദ്ധനവിനും തൊഴിലവസരങ്ങൾക്കും ഒപ്പം സമാധാനപരമായ ജീവിതത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പടെയുള്ള നവീന സാങ്കേതികവിദ്യയിൽ ഊന്നിയുള്ള വികസനവും സംസ്ഥാനത്തിന് ആവശ്യമാണ്. എന്നാൽ അതോടൊപ്പം ജനസംഖ്യാ ഘടനയിലെ മാറ്റം ഗൗരവമായി കാണേണ്ടതുണ്ട്. വയോജനസംഖ്യ 20 ശതമാനത്തോളമായി വർദ്ധിച്ചു. അതേസമയം മുൻപ് 6 ലക്ഷം കുട്ടികൾ സ്കൂളിൽ ചേർന്നിരുന്ന സ്ഥാനത്ത് ഈ വർഷം അത് 2.85 ലക്ഷമായി കുറഞ്ഞു. ഈ സാഹചര്യങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക, തൊഴിൽ, ആരോഗ്യം ഉൾപ്പടെയുള്ള മേഖലയിൽ മാറ്റമുണ്ടാക്കും. ഇത് കൃത്യമായും ആഭിമുഖീകരിക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ പൊതുകടത്തെക്കുറിച്ച് തെറ്റായ പ്രചാരണങ്ങളാണ് നടക്കുന്നത്. മുൻകാല കണക്കുകൾ പ്രകാരം 6 ലക്ഷം കോടി രൂപയാകേണ്ടിയിരുന്ന കടം, കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ 4,85,000 കോടി രൂപയിൽ ഒതുക്കി നിർത്താൻ സർക്കാരിന് കഴിഞ്ഞു. കോവിഡ് കാലത്ത് ഉയർന്ന കടം ഇപ്പോൾ കുറഞ്ഞുവരികയാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കാൻ വായ്പകൾ അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സംസ്ഥാനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സബ്സിഡി, ആരോഗ്യം തുടങ്ങിയ മേഖലകളിലെ ഫണ്ട് കുറച്ചു. ജിഎസ്ടി വഴിയുള്ള വരുമാനത്തിലും കുറവുണ്ടായി. കേന്ദ്രത്തിന് ലഭിക്കുന്ന വരുമാനത്തിന്റെ തുച്ഛമായ വിഹിതം മാത്രമാണ് സംസ്ഥാനങ്ങൾക്ക് തിരികെ ലഭിക്കുന്നത്.

വിജ്ഞാനധിഷ്ഠിത സമ്പദ്വ്യവസ്ഥയ്ക്കാണ് (ഗ്ീംഹലറഴല ഋരീിീ്യ) കേരളം ഭാവിയിൽ മുൻഗണന നൽകുന്നത്. സമാധാനപരമായ സാമൂഹിക അന്തരീക്ഷം വികസനത്തിന് അനിവാര്യമാണ്. ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യവും സമാധാനവും സംരക്ഷിക്കുന്നതിൽ കേരളം മാതൃകയാണ്. വരും തലമുറയ്ക്ക് അവസരങ്ങൾ നൽകാനും വയോജനങ്ങളെ സംരക്ഷിക്കാനും ഉതകുന്ന സമഗ്രമായ ഭാവി വികസന പദ്ധതികൾക്കാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

കേരളം അടുത്ത അഞ്ച് വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, സാമ്പത്തിക പുരോഗതി, വരുമാനം ആകർഷിക്കേണ്ട മാതൃകകൾ, കിഫ്ബിയുടെ വികസനം, പുതിയ ധനസമാഹരണ മാർഗങ്ങൾ, ജനക്ഷേമ ആശയങ്ങൾ, സർക്കാർ പ്രാധാന്യം നൽകേണ്ട വിവിധ മേഖലകൾ തുടങ്ങിയ വിഷയങ്ങൾ സെഷനിൽ ചർച്ച ചെയ്യപ്പെട്ടു. സംസ്ഥാനത്തിന്റെ ഭാവിയിലെ സാമ്പത്തിക പുരോഗതി സംബന്ധിച്ച് അറിവ് പകരുന്നതായിരുന്നു ചർച്ചകൾ.

സംസ്ഥാന പ്ലാനിങ് ബോർഡ് ഇവാലുവേഷൻ വിഭാഗം മേധാവി ഡോ എ എസ് സുനിത സ്വാഗതം ആശംസിച്ചു. മുൻ ധനകാര്യ വകുപ്പ് മന്ത്രി ടി എം തോമസ് ഐസക്, ജെ എൻ യു എമിരിറ്റസ് പ്രൊഫ. പ്രഭാത് പട്നായിക്, മസാച്ചുസെറ്റ്സ് യൂണിവേഴ്സിറ്റിയിലെ സീനിയർ റിസർച്ച് ഫെല്ലോ പ്രൊഫ. സി പി ചന്ദ്രശേഖർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി ഡയറക്ടർ പ്രൊഫ. ആർ കവിത റാവു, സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാൻ പി സി മോഹനൻ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. സി വീരമണി, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ പ്രൊഫ. കെ ജെ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

മോഡറേറ്ററായിരുന്ന ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ ചർച്ചയുടെ സംഗ്രഹം അവതരിപ്പിച്ചു.

## ആറ്റുകാൽ പൊങ്കാല: ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശങ്ങൾ

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് എത്തുന്ന തീർത്ഥാടകർക്കും പൊതുജനങ്ങൾക്കും പൂർണ്ണമായ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ ഭക്ഷ്യസ്ഥാപനങ്ങളും നിർബന്ധമായും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കണമെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് അറിയിച്ചു. വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അധികൃതർ നിർദേശിച്ചു.എല്ലാ ഭക്ഷ്യസ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പകർപ്പ് സ്ഥാപനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കണം. ജീവനക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കണം. സ്ഥാപനത്തിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കണം.പൊങ്കാലയോടനുബന്ധിച്ച് ആറ്റുകാൽ മേഖലയിലെ ഭക്ഷ്യസംരംഭകരുടെയും പാചകത്തൊഴിലാളികളുടെയും ബോധവത്കരണത്തിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഫെബ്രുവരി 19-ന് പ്രത്യേക ക്ലാസ് സംഘടിപ്പിക്കും. ഉത്സവ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഭക്ഷ്യസംരംഭകരും നിർബന്ധമായും പങ്കെടുക്കണം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂർ രജിസ്ട്രേഷനായി fosnemomcircle@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ പേര്, ഫോൺ നമ്പർ, ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നമ്പർ എന്നിവ അയയ്ക്കണം.പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് അന്നദാനം, ലഘുഭക്ഷണം, ശീതളപാനീയം, ദാഹജല വിതരണം എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവർ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷൻ മുൻകൂറായി നേടണം. ഇതിനായി അക്ഷയ കേന്ദ്രങ്ങളിൽ സൗകര്യം ലഭ്യമാണ്. ഓൺലൈൻ അപേക്ഷയിൽ 'Kind of business ആയി Food vending establishment' എന്നത് തെരഞ്ഞെടുക്കുകയും അപേക്ഷകന്റെ പേരിനൊപ്പം 'Attukal Ponkala' എന്ന് രേഖപ്പെടുത്തുകയും വേണം. ഉത്തരവാദിത്തമുള്ള വ്യക്തിയുടെ ഫോട്ടോ, ഐഡി കാർഡ് (Address Proof) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. നിശ്ചിത ഫീസ് ഓൺലൈൻ വഴിയാണ് അടയ്ക്കേണ്ടത്.

ഭക്തജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഭക്ഷണ സാധനങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാരമുള്ളതും ലേബൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തുക്കൾ മാത്രം തിരഞ്ഞെടുക്കണം. ലേബൽ വിവരങ്ങളില്ലാത്ത പായ്ക്കറ്റ് ഭക്ഷണങ്ങൾ, മിഠായികൾ, പഞ്ഞി മിഠായി, ഐസ് കാൻഡി എന്നിവ ഉപയോഗിക്കുന്നത് ഒഴിവാക്കണം. തുറന്ന നിലയിൽ വിൽക്കുന്ന ശർക്കര, കൽക്കണ്ടം, എണ്ണയിൽ പൊരിച്ച ഭക്ഷണങ്ങൾ എന്നിവ വാങ്ങി ഉപയോഗിക്കരുത്.

അന്നദാനം അല്ലെങ്കിൽ ദാഹജല വിതരണം നടത്തുന്നവർ ശുദ്ധജലവും വൃത്തിയുള്ള പാത്രങ്ങളും ഉപയോഗിക്കണം. ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് സാംക്രമിക രോഗങ്ങളില്ലെന്ന് ഉറപ്പ് വരുത്തണം. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ മാത്രം ഉപയോഗിക്കണമെന്നും അധികൃതർ നിർദേശിച്ചു. തിളപ്പിച്ച വെള്ളം കുടിക്കാനും സർബത്ത്, നാരങ്ങാവെള്ളം, തണ്ണിമത്തൻ മുതലായ ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലത്തിൽ നിന്നുള്ളതാണോ എന്ന് ശ്രദ്ധിക്കാനും ഭക്തജനങ്ങളോട് അഭ്യർത്ഥിച്ചു.

# ആരോഗ്യ രംഗത്തിന്റെ ഭാവിയ്ക്ക് 'വിഷൻ 2031 ഫോർ ഹെൽത്ത്" മുതൽക്കൂട്ട്: മന്ത്രി വീണാ ജോർജ്

### ചികിത്സാ ചെലവിൽ നിന്നും എല്ലാ കുടുംബങ്ങളെയും സംരക്ഷിക്കുക ലക്ഷ്യം

### വിഷൻ 2031 അന്തർദേശീയ സെമിനാർ

കേരളത്തിന്റെ ആരോഗ്യ രംഗത്തെ ഭാവിക്കായി 'വിഷൻ 2031 ഫോർ ഹെൽത്ത്' മുതൽക്കൂട്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇത് ആരോഗ്യ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും സാമൂഹ്യ നീതിയുമായി ബന്ധിപ്പിച്ച് ആരോഗ്യ വികസന മാതൃകയെ കൂടുതൽ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യും. ചികിത്സാ ചെലവിൽ നിന്നും എല്ലാ കുടുംബങ്ങളെയും സംരക്ഷിക്കുക എന്നതാണ് വിഷൻ 2031 ലക്ഷ്യം. സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിന്റെ ആരോഗ്യ മുന്നേറ്റം സാമൂഹിക, നവോത്ഥാന, ഭരണ സംവിധാനത്തിന്റെയും തുടർച്ചയായ ഇടപെടലുകളിലൂടെയാണ് സാധ്യമാക്കിയത്. ഈ കാലഘട്ടത്തിൽ ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. സംസ്ഥാനത്തിന്റെ ശിശു മരണനിരക്ക് അമേരിക്കയേക്കാളും കുറച്ച് അഞ്ചിലെത്തിക്കാൻ സാധിച്ചു. ആരോഗ്യ രംഗത്ത് കേരള പബ്ലിക് ഹെൽത്ത് ആക്ട് നടപ്പിലാക്കി. വാർഷികാരോഗ്യ പരിശോധനയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി തുടർ പരിചരണം ഉറപ്പാക്കി. ആരോഗ്യച്ചെലവിൽ കുടുംബങ്ങൾക്ക് വരുന്ന സാമ്പത്തികഭാരം കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ തുടരുകയാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം.

കാൻസർ പ്രതിരോധത്തിനും മുൻകൂട്ടി കണ്ടെത്തുന്നതിനുമായി "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" ക്യാമ്പയിൻ രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. പാലിയേറ്റീവ് കെയർ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മിഡിൽ ലെവൽ സർവീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള വയോജനങ്ങൾക്ക് വീടുതോറുമുള്ള സേവനം ആരംഭിച്ചിട്ടുണ്ട്.

എഎംആർ പ്രതിരോധത്തിൽ കേരളം ലോകത്ത് തന്നെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. 100 ആശുപത്രികൾ കൂടി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാകാൻ സജ്ജമാണ്. ശക്തമായ ബോധവത്ക്കരണത്തിലൂടെ ആന്റിബയോട്ടിക് ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിൽ വിജയകരമായി. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള പ്രത്യേക കേന്ദ്രം ആരംഭിച്ചതും ആരോഗ്യ രംഗത്തെ പുതിയ മുന്നേറ്റമാണ്. ഇന്ത്യയിലെ ആദ്യത്തേതും ലോകത്തെ മൂന്നാമത്തേതുമാണ് കേരളത്തിലെ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട്.

നിപയും അമീബിക് മെനിഞ്ചോഎൻസഫലൈറ്റിസ് പോലുള്ള രോഗങ്ങളും കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിലും ശ്രദ്ധേയമായ പ്രവർത്തനം നടത്തി. 2023-ലെ നിപാ ബാധയിൽ രേഖപ്പെടുത്തിയ കുറഞ്ഞ മരണനിരക്ക് സംസ്ഥാനത്തിന്റെ ആരോഗ്യ സംവിധാനത്തിന്റെ മികവാണ്.ആരോഗ്യ ജാഗ്രത കലണ്ടർ ജനുവരി ഒന്നിന് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൈക്രോ പ്ലാൻ തയ്യാറാക്കി പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നത് ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പരിശോധനകളും തുടർ നടപടികളും സ്വീകരിക്കുന്ന സംസ്ഥാനമാണ് കേരളം.കേരളത്തിന്റെ ആരോഗ്യ രംഗത്തെ സാമൂഹിക പ്രതിബദ്ധതയും ശാസ്ത്രീയ സമീപനവും കൂട്ടിച്ചേർത്ത്, ജനകേന്ദ്രിതവും സ്ഥിരതയുള്ളതുമായ ആരോഗ്യ ഭാവി സൃഷ്ടിക്കുകയാണ് വിഷൻ 2031 ഫോർ ഹെൽത്തിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജിആർ അനിൽ സംസാരിച്ചു. പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. പി.കെ. ജമീല മേഡറേറ്ററായി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, ഡോ. ബി. ഇക്ബാൽ, ഡോ. എംവി പിള്ള, ഡോ. സൗമ്യ സ്വാമിനാഥൻ, ഡോ. കല്യാണി രഘുനാഥൻ, ഡോ. ഷകുന്തള ഹരക്സിംഗ് തിൽസ്റ്റഡ്, ആഗസ്റ്റോ വിയാനാ ഡാ റോച്ച, ഡോ. വീണാ ശത്രുഘ്ന, ഷാജി സജി വി എന്നിവരും സംസാരിച്ചു.

# വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളിലൂടെ കേരളം മാതൃക സൃഷ്ടിക്കുന്നു: ഡോ. ജോന്ന കംഗാസ്

വിദ്യാഭ്യാസരംഗത്തെ ഉൾക്കൊള്ളുന്ന, വിജ്ഞാനാധിഷ്ഠിത സമൂഹ നിർമ്മാണത്തിൽ വിദ്യാഭ്യാസ സംവിധാനങ്ങളുടെ പങ്ക് നിർണായകമാണെന്നും കേരളം ഭാവിമുഖമായ വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കുന്ന ദിശയിലാണെന്നും ഫിൻലൻഡിലെ ഹെൽസിങ്കി സർവകലാശാലയിലെ വിദ്യാഭ്യാസ വിദഗ്ധയായ ഡോ. ജോന്ന കംഗാസ് അഭിപ്രായപ്പെട്ടു. സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച വിഷൻ 2031 സെമിനാറിന്റെ ഭാഗമായി നടന്ന "വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾ" എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു.

വിദ്യാഭ്യാസം എന്നത് ദീർഘകാല സാമൂഹിക പ്രതിബദ്ധതയുടെയും സൂചിന്തിതമായ നയപരമായ തീരുമാനങ്ങളുടെയും ഫലമാണ്.സമത്വവും ഉൾക്കൊള്ളലും ഉറപ്പാക്കുന്ന ശക്തമായ വിദ്യാഭ്യാസ സംവിധാനങ്ങളാണ് മനുഷ്യ വികസനത്തിന്റെ അടിത്തറ. നവീകരണവും ഉയർന്ന തൊഴിൽ സാധ്യതകളും വിജ്ഞാന സമ്പദ്വ്യവസ്ഥയും ലക്ഷ്യമാക്കുന്ന സമൂഹങ്ങൾ വിദ്യാലയങ്ങളിൽ ഭാവിക്കായുള്ള പഠനരീതികൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവർ ചൂണ്ടിക്കാട്ടി.

വിമർശനാത്മക ചിന്ത, സഹകരണം, നൈതിക ഉത്തരവാദിത്തം, പ്രശ്നപരിഹാരശേഷി, മാറ്റങ്ങളോട് പൊരുത്തപ്പെടുന്ന കഴിവ് എന്നിവ പോലുള്ള ട്രാൻസ്വേഴ്സൽ സ്കിൽസ് വളർത്തേണ്ടതിന്റെ പ്രാധാന്യം പരിഗണിക്കണം. പരമ്പരാഗത അറിവിനപ്പുറം വിദ്യാർഥികളെ സങ്കീർണ്ണവും മാറ്റങ്ങളോടൊപ്പം സഞ്ചരിക്കുന്ന ലോകത്തിനായി തയ്യാറാക്കുന്നതിൽ ഇത്തരം കഴിവുകൾ നിർണായകമാണ്.

ഭാവി പഠന സംസ്കാരത്തിലേക്ക് സ്കൂളുകൾ മാറേണ്ടതുണ്ടതുണ്ട്. സഹകരണാധിഷ്ഠിതവും പ്രതിഫലനാത്മകവുമായ അധ്യാപനരീതികൾ വിദ്യാഭ്യാസത്തിന്റെ കേന്ദ്രബിന്ദുവാകണം. അധ്യാപകരുടെ തുടർച്ചയായ പ്രൊഫഷണൽ പഠനം ഇതിൽ നിർണായകമാണ്.അധ്യാപകർ ഉള്ളടക്കം കൈമാറുന്നവരെന്നതിലുപരി വിദ്യാർഥികളെ ചിന്തിക്കാനും ചോദ്യം ചെയ്യാനും ഉത്തരവാദിത്വത്തോടെ സാങ്കേതികവിദ്യ ഉപയോഗിക്കാനും പ്രേരിപ്പിക്കുന്ന മാതൃകകളാണ്.

ലോകമെമ്പാടുമുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾ നിരന്തരം മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കും. ഡിജിറ്റൽ ലോകവും സാമൂഹിക മാറ്റങ്ങളും നിറഞ്ഞ കാലഘട്ടത്തിൽ നൈതിക ചിന്തയും സഹകരണ മനോഭാവവും ഉത്തരവാദിത്തപരമായ വിവര ഉപയോഗവും വിദ്യാർഥികൾക്കുണ്ടാകണം.അധ്യാപകരുടെ പ്രൊഫഷണൽ മെച്ചപ്പെടലുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ കാഗസ് വിശദീകരിച്ചു. പഠനപ്രക്രിയ മനസ്സിലാക്കുകയും അർത്ഥവത്തായ പഠനാനുഭവങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്ന പാഠശാസ്ത്രപരമായ കഴിവുകൾ, ആശയവിനിമയം -സഹകരണം ഉൾപ്പെടുന്ന പ്രൊഫഷണൽ കഴിവുകൾ, തുടർച്ചയായ സ്വയംപരിശോധനയും ജീവിതകാല പഠനവും ഉൾക്കൊള്ളുന്ന മെറ്റാ- കോമ്പീറ്റൻസികൾ എന്നിവ വിദ്യാഭ്യാസ രംഗത്ത് നിർണായകമാണ്. അധ്യാപകർ മാറ്റത്തിന്റെ ഏജന്റുകളാണ്. രക്ഷിതാക്കൾ, സമൂഹം എന്നിവരുടെ പിന്തുണയോടെയാണ് വിദ്യാഭ്യാസമാറ്റം സാധ്യമാകുന്നത്. ഗവേഷണാടിസ്ഥാനത്തിലുള്ള, ഉൾക്കൊള്ളുന്ന, പ്രായോഗികാനുഭവങ്ങളോട് ബന്ധിപ്പിച്ച അധ്യാപക പരിശീലനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അവർ ചൂണ്ടിക്കാട്ടി.

നവീകരണവും സഹകരണവും ജീവിതകാല പഠനവും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ സ്കൂളുകൾ മാറുമ്പോഴാണ് ഭാവിയിലേക്ക് തയ്യാറായ വിദ്യാഭ്യാസ സംവിധാനം സാക്ഷാത്കരിക്കാനാകുന്നത്. അധ്യാപകരുടെ തയ്യാറെടുപ്പും വിദ്യാർഥികേന്ദ്രിത പഠനരീതിയും ദീർഘകാല സാമൂഹിക വികസനത്തിന് അനിവാര്യമാണ്. ആത്മവിശ്വാസത്തോടെ ആഗോള നിലവാരത്തിലേക്ക് മുന്നേറുന്ന വിദ്യാഭ്യാസ മാതൃകയായി മാറാനുള്ള എല്ലാ സാധ്യതകളും കേരളത്തിനുണ്ടെന്നും ഡോ. ജൊന്ന കംഗാസ് അഭിപ്രായപ്പെട്ടു.

# മാറുന്ന കേരളത്തിന് കിഫ്ബി മാതൃക അനിവാര്യം : ഡോ. ടി എം തോമസ് ഐസക്

കേരളത്തിന്റെ സാമൂഹിക ഘടനയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും അതിനനുസരിച്ചുള്ള വികസന മാതൃകയാണ് സംസ്ഥാനം സ്വീകരിക്കുന്നതെന്നും മുൻ ധനമന്ത്രി ഡോ. ടി എം തോമസ് ഐസക്. വിഷൻ 2031 അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി 'ജനങ്ങളുടെ വികസനത്തിനുള്ള ധനസമാഹരണം' എന്ന വിഷയത്തിൽ ലെമൺ ട്രീ ഹോട്ടലിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

1973-ൽ 59 ശതമാനമായിരുന്ന സംസ്ഥാനത്തെ ദാരിദ്ര്യം നിലവിൽ കുറഞ്ഞു. മധ്യവർഗ്ഗമോ അതിലേക്ക് ഉയരാൻ ആഗ്രഹിക്കുന്നവരോ ആണ് ഇപ്പോൾ കേരളത്തിൽ അധികം പേരും. അതിനാൽ പാവപ്പെട്ടവർക്കുള്ള ക്ഷേമപദ്ധതികൾ തുടരുന്നതിനൊപ്പം തന്നെ, മധ്യവർഗ്ഗത്തിന് ആവശ്യമായ ഗുണമേന്മയുള്ള തൊഴിലവസരങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്.ക്ഷേമപദ്ധതികൾക്കുള്ള ചെലവ് കുറയ്ക്കാൻ സാധിക്കാത്തതിനാൽ, പശ്ചാത്തല വികസനത്തിന് പണം കണ്ടെത്താനാണ് ബജറ്റിന് പുറത്തുനിന്നുള്ള ധനസമാഹരണ മാർഗ്ഗമായ കിഫ്ബി (KIIFB) നടപ്പിലാക്കിയത്.

സർക്കാർ നൽകുന്ന ഗ്യാരണ്ടിയിലൂടെ ഭാവിയിലെ വരുമാനം ഉപയോഗിച്ച് ഇപ്പോൾ തന്നെ വൻകിട പദ്ധതികൾ നടപ്പിലാക്കാൻ ഇതിലൂടെ സാധിച്ചു. ഒരു ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപം കിഫ്ബി വഴി സമാഹരിക്കാനും ജനപിന്തുണ നേടാനും കഴിഞ്ഞുവെന്ന് മുൻ മന്ത്രി പറഞ്ഞു.നികുതി ചോർച്ച തടയാൻ നിർമിത ബുദ്ധി പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വാഹന പരിശോധനകൾ ഇല്ലാതെ തന്നെ ചരക്ക് നീക്കം നിരീക്ഷിക്കണം. 10 വർഷം കൊണ്ടല്ല, 50 വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന ദീർഘകാല സാമ്പത്തിക മാതൃകകളാണ് സംസ്ഥാനത്തിന് ആവശ്യം. പലിശ നിരക്കിനേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്ക് ഉള്ളിടത്തോളം കാലം കടം ഒരു ബാധ്യതയല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവിനായി നിർദേശങ്ങളുമായി 'വിഷൻ 2031'

സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച 'വിഷൻ 2031' അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി നടന്ന 'സാംസ്കാരിക വികസനം, പൈതൃകം, വിനോദസഞ്ചാരം' (ഈഹ ഞൗമഹ ഉല്ലഹീുാലിേ ഒലൃശമേഴല & ഠീൗൃശശോ) എന്ന സെഷനിൽ വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവിനായി സുപ്രധാന നിർദ്ദേശങ്ങളുയർന്നു.

കാവുകളും മ്യൂറലുകളും പരമ്പരാഗത കലകളും സംരക്ഷിക്കുന്നത് അടുത്ത തലമുറയോടുള്ള കടമയാണെന്ന് ചലച്ചിത്ര താരം സുഹാസിനി മണിരത്നം പറഞ്ഞു. ഗ്രാമങ്ങളിലെ വായനശാലാ സംസ്കാരവും ആഗോള സാഹിത്യത്തോടുള്ള മലയാളിയുടെ താൽപ്പര്യവും തന്നെ അത്ഭുതപ്പെടുത്തിയെന്നും അവർ പറഞ്ഞു. കേരളത്തിലെ ചലച്ചിത്ര മേളകൾ ലോകസിനിമയെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ മാതൃകാപരമായ പങ്കാണ് വഹിക്കുന്നതെന്ന് ചലച്ചിത്ര സംവിധായിക പായൽ കപാഡിയ പറഞ്ഞു. വനിതകൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സിനിമ നിർമ്മിക്കാൻ സർക്കാർ നൽകുന്ന സഹായങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. അന്താരാഷ്ട്ര സിനിമാ നിർമ്മാതാക്കളെ കേരളത്തിലേക്ക് ആകർഷിക്കാൻ നടപടികൾ വേണമെന്നും അവർ കൂട്ടിച്ചേർത്തു. ചോദ്യം ചെയ്യാനും സ്വതന്ത്രമായി ചിന്തിക്കാനുമുള്ള മലയാളിയുടെ കഴിവിനെയാണ് കേരള സംസ്കാരമായി കാണേണ്ടതെന്ന് ചലച്ചിത്ര എഡിറ്റർ ബീന പോൾ പറഞ്ഞു. ടൂറിസം എന്നാൽ വെറുമൊരു കാഴ്ചയല്ല, മറിച്ച് അറിവ് പകരലായിരിക്കണം. മ്യൂസിയങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കണമെന്നും കൾച്ചറൽ ലീഡർഷിപ്പ് പരിശീലനം നൽകണമെന്നും ബീനാ പോൾ പറഞ്ഞു.

കൊച്ചി-മുസിരിസ് ബിനാലെ കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് കേരള ലളിതകലാ അക്കാദമി അധ്യക്ഷൻ മുരളി ചീരോത്ത് സംസാരിച്ചു. പൈതൃക കെട്ടിടങ്ങളെ കലയുടെ വേദികളാക്കി മാറ്റുന്ന രീതി സംസ്ഥാനമെമ്പാടും വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചരിത്രസ്മാരകങ്ങളുടെ സംരക്ഷണത്തിൽ പുത്തൻ മാതൃകകൾ വേണമെന്ന് തമിഴ് യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ ഡോ. വി. സെൽവകുമാർ നിർദ്ദേശിച്ചു. വിനോദസഞ്ചാരം കേവലം സാമ്പത്തിക ഘടകങ്ങൾക്കപ്പുറം ജനങ്ങളുടെ അന്തസ്സും സന്തോഷവും വർദ്ധിപ്പിക്കുന്ന ഒന്നായിരിക്കണമെന്ന് യുഎൻ ടൂറിസം ഉപദേഷ്ടാവ് അനീറ്റ മെൻഡിരാറ്റ പറഞ്ഞു. പ്രാദേശിക ജനതയെ പങ്കാളികളാക്കിയുള്ള പൈതൃക ടൂറിസം വികസിപ്പിക്കണമെന്നും അവർ കൂട്ടിച്ചേർത്തു.

സ്മാരകങ്ങളുടെ സമഗ്രമായ പട്ടികയുണ്ടാക്കി അവ സംരക്ഷിക്കുക, മ്യൂസിയങ്ങളെ ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ നവീകരിക്കുക, സാംസ്കാരിക പരിപാടികളുടെ കലണ്ടർ തയ്യാറാക്കുക, തുടങ്ങിയ പ്രധാന കർമ്മപദ്ധതികൾ സെഷനിൽ നിർദ്ദേശിക്കപ്പെട്ടു. പ്രാദേശിക കലാകാരന്മാർക്കും കരകൗശല തൊഴിലാളികൾക്കും തൊഴിൽ ഉറപ്പാക്കുന്ന രീതിയിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കണമെന്നും നിർദേശമുയർന്നു. റെസ്പോൺസിബിൾ ടൂറിസം സ്ട്രാറ്റജിസ്റ്റ് സോയിറ്റി ബാനർജി, വില്ലേജ് വേയ്സ് ഫൗണ്ടിംഗ് ഡയറക്ടർ മനീഷ പാണ്ഡെ, പ്രൊഫ. കെ.ടി. രവീന്ദ്രൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.സംസ്ഥാന ആസൂത്രണ ബോർഡ് ജോയിന്റ് ഡയറക്ടർ ധന്യ എസ് നായർ ചടങ്ങിൽ സ്വാഗതം പറഞ്ഞു. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ മുഖ്യ പ്രഭാഷണം നടത്തിയ സെഷനിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സന്തോഷ് ജോർജ് കുളങ്ങര മോഡറേറ്ററായി.

സംസ്കാരിക വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ എൻ ഖോബ്രഗഡെ ചർച്ചയുടെ സംഗ്രഹം അവതരിപ്പിച്ചു. പൊതുമരാമത്ത് - ടൂറിസം വകുപ്പ് സെക്രട്ടറി ബിജു കെ., ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ്. അയ്യർ തുടങ്ങിയവർ സന്നിഹിതരായി.

# അടിസ്ഥാന സൗകര്യ വികസനത്തിൽ വിട്ടുവീഴ്ചയില്ല; വരുന്നത് ഹൈസ്പീഡ് യാത്രകളുടെ കാലമെന്ന് 'വിഷൻ 2031'

സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച 'വിഷൻ 2031' അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി നടന്ന 'വളർച്ചയ്ക്കും ആധുനികവൽക്കരണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ' (കിളൃമെേൃൗരേൗൃല ളീൃ ഏൃീംവേ മിറ ങീറലൃിശമെശേീി) എന്ന സെഷൻ കേരളത്തിന്റെ ഭാവി വികസന പാതയിലേക്കുള്ള വ്യക്തമായ ദിശാസൂചികയായി മാറി.

നഗരവൽക്കരണം സൃഷ്ടിക്കുന്ന വെല്ലുവിളികളെക്കുറിച്ച് സംസാരിച്ച ഐ.ഐ.ടി ബോംബെയിലെ പ്രൊഫസർ ടോം വി. മാത്യു, 2050ഓടെ പകുതിയിലധികം ജനങ്ങൾ നഗരങ്ങളിലാകുന്നത് കണക്കിലെടുത്ത് ഒരു സ്മാർട്ട് ട്രാൻസ്പോർട്ട് സിസ്റ്റം അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടി. വിവിധ ഗതാഗത മാർഗ്ഗങ്ങളെ കോർത്തിണക്കുന്ന മൾട്ടി-മോഡൽ ഇന്റഗ്രേഷൻ, സുരക്ഷ, പരിസ്ഥിതി സൗഹൃദം തുടങ്ങിയവയിൽ ഊന്നിയുള്ള വികസനമാണ് അദ്ദേഹം നിർദ്ദേശിച്ചത്. അപകടങ്ങൾ നടന്നാൽ ഡ്രൈവറെ മാത്രം കുറ്റപ്പെടുത്താതെ റോഡിന്റെ പോരായ്മകൾ കൂടി വിശകലനം ചെയ്യുന്ന 'ആക്സിഡന്റ് റീകൺസ്ട്രക്ഷൻ' രീതിയും അദ്ദേഹം ശുപാർശ ചെയ്തു.

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് ചരക്ക് നീക്കത്തിന് (എൃലശഴവേ) തുല്യ പ്രാധാന്യം നൽകണമെന്ന് ചാണക്യ സർവകലാശാലയിലെ പ്രൊഫസർ ജി. രഘുറാം പറഞ്ഞു. സിൽവർ ലൈനോ ആർ.ആർ.ടി.എസ് മാതൃകയിലോ ഉള്ള പുതിയ റെയിൽ ഇടനാഴിയും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു. സിയാൽ (ഇകഅഘ) വിമാനത്താവളത്തിന്റെ മാതൃകയിൽ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

റെയിൽവേ ബോർഡ് മുൻ മെമ്പർ സുബോധ് ജെയിൻ പരിസ്ഥിതി സൗഹൃദമായ മാസ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. കേരളത്തിന് അതിവേഗ റെയിൽ സംവിധാനം അനുയോജ്യമാണെന്നും ഇത് ജനങ്ങളെ കാറുകളിൽ നിന്ന് പൊതുഗതാഗതത്തിലേക്ക് ആകർഷിക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഗതാഗത ആസൂത്രണത്തിൽ വികേന്ദ്രീകൃതമായ രീതി ആവശ്യമാണെന്ന് ഐ.ഐ.ടി പാലക്കാടിലെ ഡോ. ബി. കെ. ഭവത്രതൻ അഭിപ്രായപ്പെട്ടു. പഞ്ചായത്ത് തലത്തിൽ പ്ലാനിംഗ് നടപ്പിലാക്കണമെന്നും കാൽനടയാത്രക്കാർക്ക് അർഹമായ പരിഗണന നൽകുന്ന 'ഗതാഗത നീതി' നടപ്പിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. നവി മുംബൈയുടെ വികസന മാതൃകകൾ വിശദീകരിച്ച സിഡ്കോ സി.ജി.എം ഗീത പിള്ള, റെയിൽവേ സ്റ്റേഷനുകളോട് ചേർന്ന് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് വരുമാനം കണ്ടെത്തുന്ന രീതി കേരളത്തിനും മാതൃകയാക്കാമെന്ന് പറഞ്ഞു. മൾട്ടിമോഡൽ ഗതാഗതത്തിലെ ഏകോപനം വളർച്ചയുടെ യന്ത്രമാണെന്ന് എ.എം.ടി.ഒ.ഐ പ്രസിഡന്റ് ശാന്തനു ഭട്കംകർ പറഞ്ഞു. ആവശ്യകത വരുന്നതിന് വളരെ മുമ്പ് തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന രാജ്യാന്തര മാതൃകകൾ അദ്ദേഹം വിവരിച്ചു.ഇൻഫ്രാസ്ട്രക്ചർ വികസനം ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നേരിട്ട് സഹായിക്കുമെന്ന് ഗ്രാന്റ് തോൺടൺ ഭാരത് ഘഘജ പാർട്ണർ രോഹിത് കുമാർ പറഞ്ഞു.സംസ്ഥാനം നടപ്പിലാക്കിയ കിഫ്ബി (ഗകകഎആ) മാതൃകയെ അദ്ദേഹം അഭിനന്ദിച്ചു. സെഷന്റെ സമാപന പ്രസംഗത്തിൽ പൊതുമരാമത്ത്-ടൂറിസം വകുപ്പ് സെക്രട്ടറി ബിജു കെ. സംസ്ഥാനത്തെ പ്രധാന പദ്ധതികളുടെ പുരോഗതി വിവരിച്ചു. ദേശീയ പാത 66ന്റെ വികസനം ഈ വർഷം പകുതിയോടെ പൂർത്തിയാകുമെന്നും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ആർ.ആർ.പി.എസ് (ഞഞജട) പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം ലഭിച്ചത് വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.വർഗീസ് ജോർജ് ചർച്ചയിൽ മോഡറേറ്റർ ആയി. സംസ്ഥാന ആസൂത്രണ ബോർഡ് ജോയിന്റ് ഡയറക്ടർ ധന്യ എസ് നായർ ചടങ്ങിൽ സ്വാഗതം പറഞ്ഞു. ട്രാൻസ്പോർട്ട് സ്പെഷ്യൽ സെക്രട്ടറി പി ബി നൂഹ്, ഢകടഘ മാനേജിംഗ് ഡയറക്ടർ ദിവ്യ എസ് അയ്യർ തുടങ്ങിയവർ സന്നിഹിതരായി.




